35

1B4M20193 (Pages : 3) Reg. No:.............................

Name: ...............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA/B.Sc Degree Examination, March/April 2020**

**BMAL4A04 – Malayala Sahithyam – 4**

(2018 Admission onwards)

Time: 3hours Max. Marks : 80

**A.** 1 മുതൽ 12 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക **(12 x 1 = 12)**

1. സാഹിത്യസാഹ്യം - ആരുടെ കൃതിയാണ് ?
2. 'ഭഞ്ജിക്കുന്നതിൽ കുഞ്ജര പ്രായന്മാർ' - കുഞ്ജരം എന്ന വാക്കിന്റെ അർത്ഥം എഴുതുക ?
3. വില്ലുവണ്ടി സമരം നടന്ന വർഷം ?
4. അയ്യൻകാളി രൂപീകരിച്ച സംഘടന ഏത് ?
5. കേരളത്തെ മെഗസ്തനീസ് വിളിച്ച പേരെന്ത് ?
6. കാണിക്കാരുടെ ഇടയിൽ ഗോത്രത്തലവന്മാരെ വിളിക്കുന്ന പേര് ?
7. 'രംഗബോധമില്ലാത്ത കോമാളിയാണ് മരണം ' എന്ന പ്രയോഗം ആരുടേതാണ് ?
8. 'എന്നിട്ടും പകൽവെട്ടം എന്റെ അറയ്ക്കുള്ളിലേക്ക് തുറന്ന ജാലകത്തിലൂടെ പ്രവഹിക്കുക യാണ് '- ആരുടെ വാക്കുകളാണിത് ?
9. ഏത് പുരസ്കാരവുമായി ബന്ധപ്പെട്ട സംഘടനയാണ് സ്വീഡിഷ് അക്കാദമി ?
10. 'പട്ടണം ഉറങ്ങിയാൽ പീടികത്തിണ്ണയിൽ ' - കാരൂരിന്റെ ഏത് കഥാപാത്രത്തെക്കുറിച്ചാണ് ഈ പ്രയോഗം ?
11. തന്റെ കവിതയുടെ എഡിറ്ററായി അക്കിത്തം കാണുന്നതാരെയാണ് ?
12. നന്നങ്ങാടികൾ ഏതു കർമ്മത്തിന് ഉപയോഗിച്ചിരുന്നവയായിരുന്നു ?

B. 13 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏഴെണ്ണത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. (7 x 2 = 14)

13. കലയെ കലയാക്കുന്നത് ആത്മാർത്ഥതയാണ് എന്ന് ബി.രാജീവൻ പറയുന്നതെന്തുകൊണ്ട് ?

14. സ്വതന്ത്ര വിവർത്തനം എന്നാൽ എന്ത് ?

15. സാധുജനപരിപാലനസംഘത്തിന്റെ രൂപീകരണലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ?

16. 'ഒരു പത്തുനാഴിക ദൂരമുണ്ട്.'

അയാൾ ഒരു പണ്ഡിതൻ!'

ഈ രണ്ടു വാക്യങ്ങളിൽ 'ഒരു' എന്ന വിശേഷണം ചേർക്കുന്നതുകൊണ്ട് ലഭിക്കുന്ന സവിശേഷമായ അർത്ഥങ്ങൾ എന്ത് ?

17. എഴുത്തുകാരന്റെ വാസന പാചകക്കാരന്റെ കൈപ്പുണ്യത്തെപ്പോലെയാണ് എന്ന് സി.രാധാകൃഷ്ണൻ പറയുന്നതെന്തുകൊണ്ട് ?

18. കാടന്മാരുടെ ഏതെങ്കിലും രണ്ട് സവിശേഷതകളെഴുതുക ?

19. 'ഈറനണിഞ്ഞു തിളങ്ങുന്ന ഉഴവുചാലുകളായി മണ്ണിനെ മാറ്റിയെടുത്ത കൂർത്ത വാക്ക്'- ആശയം വ്യക്തമാക്കുക ?

20. ഒരു വസ്തുവിന് പല ദേശത്തും പല വാക്കുകൾ നടപ്പുണ്ടാവും- രണ്ട് ഉദാഹരണങ്ങൾ എഴുതുക ?

21. പ്രജാസഭയിലേക്കു വരുന്ന അയ്യൻകാളിയുടെ ചിത്രം, മന്നത്ത് പത്മനാഭൻ രേഖപ്പെടുത്തിയതെങ്ങനെ ?

C. 22 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 x 6 = 30)

22. മലയാളഭാഷയെ വിജ്ഞാനമാധ്യമമായി ഉപയോഗിക്കുന്നതിന്റെ സാധ്യതകളും വെല്ലുവിളികളും വിവരിക്കുക ?

23. ചരിത്രത്തിന്റെ സൂക്ഷ്മതകളെ തിരിച്ചറിയുന്ന ഒരാൾക്കു മാത്രമേ നല്ല കലാകാരനാകാനാവൂ എന്നു പറയുന്നതെന്തുകൊണ്ട് ?

24. കേരളത്തിലെ മനുഷ്യവാസത്തിന്റെ ആരംഭത്തെക്കുറിച്ചുള്ള പി.കെ.ഗോപാലകൃഷ്ണന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക ?

25. ലാറ്റിനമേരിക്കയെ വേറിട്ടു നിർത്തുന്ന ഏകാന്തതയ്ക്ക് മാർകേസ് കണ്ടെത്തുന്ന കാരണങ്ങൾ എന്തെല്ലാം ?

26. 'സാരസ്യം തന്നെ സാരസ്വതം'- എസ്.ഗുപ്തൻ നായരുടെ ഈ നിരീക്ഷണത്തെ മുൻനിർത്തി സാഹിത്യശൈലിയെക്കുറിച്ച് ഒരു ലഘൂപന്യാസം തയ്യാറാക്കുക.

27. ദലിതരുടെ വിദ്യാഭ്യാസസ്വാതന്ത്ര്യത്തിനായി അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങൾ വിവരിക്കുക.

28. 'ഒരു ഭാഷ മരിക്കുമ്പോൾ മരിച്ചവർ ഒരു കുറികൂടി മരിക്കുന്നു-' കവി ഈ ആശയം സമർത്ഥിക്കുന്നതെങ്ങനെ ?

29. നാടകത്തിനു ശേഷമുള്ള ഗോകുലിന്റെ അസാന്നിധ്യം 'ഒരു ദലിത് യുവതിയുടെ കദനകഥ'യ്ക്ക് നൽകുന്ന പുതിയ മാനങ്ങൾ എന്തെല്ലാം ?

**D.** 30 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3 x 8 = 24)**

30. കേരളത്തിലെ ആദിമ നിവാസികൾക്കിടയിലുള്ള ദായക്രമം, ആചാരങ്ങൾ എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.

31. ഓരോ കാലത്തിന്റേയും ആവശ്യത്തിനനുസരിച്ച് ഭാഷയിൽ ശൈലികൾ ഉണ്ടായിക്കൊണ്ടേയിരിക്കും - വിശദീകരിക്കുക.

32. കേരളത്തിലെ മരുമക്കത്തായത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ഇളംകുളത്തിന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

33. ശക്തമായ സന്ദേശം നൽകുന്നതിനുവേണ്ടി ഉപയോഗിച്ച നഗ്നതയെ, പ്രേക്ഷകർ ആ രീതിയിൽ കാണാതെ പോവുന്നതാണ് 'ഒരു ദലിത് യുവതിയുടെ കദനകഥ'യിലെ ദുരന്തം. സ്വാഭിപ്രായം സമർത്ഥിക്കുക.

34. വീടിന്റേയും നാടിന്റേയും ഊർജ്ജപാരമ്പര്യങ്ങൾ ചേർന്നാണ് അക്കിത്തത്തിലെ കവിയെ നിർമ്മിച്ചത്- ഒരു പ്രതികരണക്കുറിപ്പെഴുതുക.

36

1B4M20194 (Pages : 2) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2020**

**BMAL4B05 – Basha Sasthravum Basha Charithravum**

(2018 Admission onwards)

Time: 3 hours Max. Marks : 80

I **എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും ഒരു മാർക്കുവീതം**

1. മലയാളഭാഷ ഏതു ഗോത്രത്തിൽപ്പെടുന്നു?
2. മലയാഴ്മയുടെ വ്യാകരണം എഴുതിയതാര്?
3. ഏതു ഭാഷയിലാണ് ലീലാതിലകം രചിച്ചിരിക്കുന്നത്?
4. പ്രകൃതിയ്ക്കുമുൻപിലാണ് പ്രത്യയമെങ്കിൽ അത്തരം പ്രത്യയങ്ങളെ പറയുന്ന പേരെന്ത്?
5. 'മലബാർ മാനുൽ' എഴുതിയതാര്?
6. 'ഭാഷാശാസ്ത്രവിവേകം' എന്ന ഗ്രന്ഥം രചിച്ചതാര്?
7. ലാങ് - പരോൾ എന്നീ സങ്കല്പങ്ങൾ അവതരിപ്പിച്ചതാര്?
8. 'അലമാര' എന്ന പദം മലയാളം കടം കൊണ്ടത് ഏത് ഭാഷയിൽ നിന്നാണ്?
9. 'വ്യാകരണമിത്രം' എഴുതിയതാര്?
10. എട്ട് മൗലികസ്വരങ്ങൾ അടങ്ങിയ മാനസ്വരവ്യവസ്ഥ അവതരിപ്പിച്ച ഭാഷാശാസ്ത്രപണ്ഡിതൻ ആര്?
11. ഒരനുനാസികവർണ്ണം അതിനുതൊട്ടു പിന്നാലെ വരുന്ന വർണ്ണം ഖരമാണെങ്കിൽ അതിനെക്കൂടി അനുനാസികമാക്കിത്തീർക്കുന്ന പ്രത്യേകതയ്ക്കു പറയുന്ന പേരെന്ത്?
12. മിശ്രഭാഷാവാദം അവതരിപ്പിച്ചതാര്?

**12 X 1 =12**

I **രണ്ടോ മൂന്നോ വാക്യത്തിൽ ഏതെങ്കിലും ഏഴു ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും രണ്ടു മാർക്കുവീതം.**

- സമാക്ഷരലോപം എന്നാൽ എന്ത്?
- ഉപസ്വനങ്ങൾ എന്നാൽ എന്ത്?
- അവശിഷ്ടമേഖല (Relic Area) എന്നാൽ എന്ത്?
- ലീനധ്വനികൾ എന്നാൽ എന്ത്?
- രൂപിമം അർത്ഥവിനിമയം സാധ്യമാക്കുന്നതെങ്ങനെ?
- പ്രകൃതി, പ്രത്യയം എന്നിവ വിശകലനം ചെയ്യുക.
- നിരുക്തം എന്നാൽ എന്ത്?
- വാമൊഴി - വരമൊഴി - നിർവചിക്കുക.
- വെങ്കലഭാഷ എന്നാൽ എന്ത്?

**7 X 2=14**

III ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും അഞ്ചു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും ആറുമാർക്ക് വീതം

22. വിവിധഭാഷാപഠനരീതികൾ വിശദീകരിക്കുക.

23. മലയാളം കമ്പ്യൂട്ടിങ് നേരിടുന്ന വെല്ലുവിളികൾ വിശദീകരിക്കുക.

24. അർത്ഥ പരിണാമ കാരണങ്ങൾ വിവരിക്കുക.

25. അധികാരവും ഭാഷയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

26. പരിവർത്തന മേഖല എന്നാൽ എന്ത്? വിശദീകരിക്കുക.

27. ശിശുഭാഷയുടെ സവിശേഷതകൾ വിവരിക്കുക.

28. അപനിർമ്മാണം (Deconstruction) എന്നാൽ എന്ത്?

29. മാതൃഭാഷ, പ്രഥമഭാഷ, സങ്കരഭാഷ, വെങ്കലഭാഷ എന്നിവയെ പരിചയപ്പെടുത്തുക.

5X6=30

IV മൂന്നുപുറത്തിൽ കവിയാതെ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും എട്ടുമാർക്കു വീതം

30. ഭാഷാചരിത്രരചനയിൽ ആന്തരിക പുനഃസൃഷ്ടിക്കും ബാഹ്യപുനഃസൃഷ്ടിക്കുമുള്ള പ്രാധാന്യം വിശകലനം ചെയ്യുക.

31. ഭാഷാകുടുംബം എന്ന സങ്കല്പം മുൻനിർത്തി ഭാഷകളെ ആനുവംശികമായി വർഗ്ഗീകരിക്കുന്നതെങ്ങനെ? വിശദീകരിക്കുക.

32. ഭാഷാഭേദ ഭൂപടം എന്നാൽ എന്ത്? അത് തയ്യാറാക്കുന്നതെങ്ങനെ? വിശദീകരിക്കുക.

33. മലയാളഭാഷയുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള പ്രധാന വാദങ്ങൾ സംഗ്രഹിക്കുക.

34. മലയാളത്തിലെ പരകീയ പദങ്ങളെക്കുറിച്ച് ഒരു പഠനം തയ്യാറാക്കുക.

3X8=24

37

1B4M20196 (Pages : 2) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2020**

**BMAL4C04 – Kerala Padanam Adunika Keralam**

(2018 Admission onwards)

Time: 1 ½ hours Max. Marks : 40

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

1. സാധുജനപരിപാലനയോഗത്തിന്റെ സ്ഥാപകൻ ആര്?
2. അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് എന്ന നാടകം രചിച്ചതാര്?
3. മന്നത്ത് പത്മനാഭന്റെ ആത്മകഥ?
4. 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം' എന്ന ഗ്രന്ഥത്തിന്റെ കർത്താവ്?
5. മലയാളിമെമ്മോറിയൽ സമർപ്പിക്കപ്പെട്ട വർഷം?
6. പ്രത്യക്ഷ രക്ഷാകരദൈവ സഭ സ്ഥാപിച്ചതാര്?
7. അയ്യങ്കാളിയെ പുലയരാജാവ് എന്ന് വിളിച്ചതാര്? **(7 x 1=7 മാർക്ക്)**

**II രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

8. നിവർത്തന പ്രക്ഷോഭത്തിന്റെ രാഷ്ട്രീയ സാഹചര്യമെന്ത്?
9. യോഗക്ഷേമസഭയുടെ ലക്ഷ്യം എന്തായിരുന്നു?
10. 1921-ലെ മലബാർ കലാപത്തിന്റെ പ്രധാനകാരണം എന്തായിരുന്നു?
11. 'വില്ലുവണ്ടി സമരം' എന്നറിയപ്പെടുന്നതെന്ത്?
12. തെയ്യാട്ടത്തിലെ 'അടയാളം കൊടുക്കൽ' എന്നറിയപ്പെടുന്ന ചടങ്ങ് എന്താണ്?
13. പടയണിയുടെ പിന്നിലെ ഐതീഹ്യമെന്ത്?
14. വൈക്കം സത്യാഗ്രഹത്തിനു നേതൃത്വം നൽകിയവർ ആരൊക്കെയായിരുന്നു?

**(5 x2=10 മാർക്ക്)**

**III ഏതെങ്കിലും മൂന്നു ചോദ്യത്തിന് ഒന്നരപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

15. അയിത്തോച്ചാടന പ്രസ്ഥാനത്തിൽ ഗുരുവായൂർ സത്യാഗ്രഹത്തിന്റെ പ്രസക്തിയെന്ത്? വിശദീകരിക്കുക.
16. കേരളീയ ചിത്രകലാ പാരമ്പര്യത്തെപ്പറ്റി വിശദീകരിക്കുക

7. കേരളത്തിലെ കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളുടെ ചരിത്രത്തിൽ

പുന്നപ്ര-വയലാർ സമരത്തിന്റെ സ്ഥാനമെന്ത്? വിശദീകരിക്കുക.

18. ശ്രീനാരായണ ഗുരുവിനെ 'കേരള നവോത്ഥാനത്തിന്റെ പിതാവെ'ന്നു വിളിക്കാൻ

കാരണമെന്ത്? വിശദീകരിക്കുക.

**(3 x5=15 മാർക്ക്)**

**IV** **ഏതെങ്കിലും ഒരു ചോദ്യത്തിന് മൂന്നുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

19. എൻ.എസ്.എസ്, എസ്.എൻ.ഡി.പി., സാധുജനപരിപാലന സംഘം തുടങ്ങിയ

സംഘടനകളുടെ സാമൂഹ്യ പരിഷ്കരണ ശ്രമങ്ങളെപ്പറ്റി വിവരിക്കുക.

20. കേരളീയ ദൃശ്യകലകൾക്കുറിച്ച് വിശദീകരിക്കുക.

**(1 x8=8 മാർക്ക്)**

38

1B4M20195 (Pages : 3) Reg. No:..............................

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Degree Examination, March/April 2020**

**BMAL4B06 – Novel Sahithyam**

(2018 Admission onwards)

Time: 3 hours Max. Marks : 80

**A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക. (12x1=12)**

1. മലയാളത്തിലെ ആദ്യകാല നോവലുകളിൽ ഒന്നായ 'ഘാതകവധം' രചിച്ചത് ആര്?
2. "സുന്ദരികളും സുന്ദരന്മാരും" രചിച്ചത് ആര്?
3. അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത ഒരു സ്ത്രീജീവിതത്തിന്റെ കഥ പറയുന്ന ലളിതാംബിക അന്തർജനത്തിന്റെ കൃതി ഏത്?
4. "വണ്ടിക്കാളകൾ" എന്ന കൃതി രചിച്ചത് ആര്?
5. 1981 ലെ മികച്ച നോവലിനുള്ള കേരളസാഹിത്യ അക്കാദമി പുരസ്കാരം നേടിയ എൻ.പി മുഹമ്മദിന്റെ നോവൽ ഏത്?
6. മലയാളസാഹിത്യചരിത്രത്തിലെ വഴിത്തിരിവ് എന്ന് വിശേഷിപ്പിക്കാവുന്ന ഒ.വി വിജയന്റെ കൃതി ഏത്?
7. 2003 ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ പുരസ്കാരം നേടിയ സാറാ ജോസഫിന്റെ കൃതി ഏത്?
8. ആദ്യ വയലാർ അവാർഡ് നേടിയ ലളിതാംബികാ അന്തർജനത്തിന്റെ കൃതി ഏത്?
9. 'മസറ' എന്ന ശബ്ദത്തിന് തത്തുല്യമായി മലയാളത്തിൽ ഉപയോഗിക്കുന്ന പദമേത്?
10. "തർജമ" എന്ന ശബ്ദത്തിനു പകരമായി മലയാളത്തിൽ ഉപയോഗിക്കുന്ന ഒരു പദം എഴുതുക.
11. 'പതിവ്രതയെങ്കിലും അനർഹമായ ഒരിടത്തിൽ സ്നേഹിക്കപ്പെടാതെ വന്നു പെട്ടവൾ' എന്ന ബോധ്യത്തിൽ ജീവിക്കുന്ന 'ആരോഗ്യനികേതന'ത്തിലെ കഥാപാത്രത്തിന്റെ പേര് എന്ത്?
12. 'The God of small Things' എന്ന കൃതിയുടെ മലയാള വിവർത്തനം തയ്യാറാക്കിയ കഥാകാരിയുടെ പേര് എന്ത്?

B. **ഏഴു ചോദ്യങ്ങൾക്ക് ലഘുവായി ഉത്തരമെഴുതുക.** **(7x2=14)**

13. ചന്തുമേനോൻ രചന നിർവഹിച്ച രണ്ടു നോവലുകളുടെ പേര് എഴുതുക.

14. " വെള്ളയടിച്ചിട്ടും പോകാത്ത ചില കരിം ചുവപ്പെഴുന്ന കറകൾ ചുമരിൽ നിന്നു മിഴിച്ചുനോക്കുന്നത് ആ ദമ്പതികൾ കണ്ടില്ല". ദമ്പതികൾ ആരെല്ലാം.

15. എം.മുകുന്ദന്റെ രണ്ടു നോവലുകളുടെ പേരെഴുതുക.

16. "പ-ഴ-യ കുതിരയുടെ കാലം കഴിഞ്ഞു പോയി." ചിരിയും കിതപ്പും കലർന്ന സ്വരത്തിൽ അയാൾ ചോദിച്ചു. "മുകളിലേയ്ക്കാണോ ടീച്ചർജി" - ആര് ആരോട് പറഞ്ഞ വാക്കുകൾ.

17. കെ.ജെ ബേബിയുടെ രണ്ട് രചനകളുടെ പേരെഴുതുക.

18. പി. വത്സല രചിച്ച വയനാടിന്റെ കഥപറയുന്ന രണ്ടുനോവലുകളുടെ പേരെഴുതുക.

19. 'കോളറ കാലത്തെ പ്രണയം' എന്ന കൃതിയിലെ നായികാ നായകന്മാർ ആരെല്ലാം.

20. ബംഗാളിയിൽ നിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യപ്പെട്ടുകൊണ്ട് കടന്നുവന്ന രണ്ടു നോവലുകളുടെ പേരെഴുതുക.

C. **അഞ്ചു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(5x6=30)**

21. ഇന്ദുലേഖയിലെ 18-ാം അദ്ധ്യായത്തിന്റെ പ്രസക്തിയെക്കുറിച്ച് പരിശോധിക്കുക.

22. "ഒരു മർമ്മരധ്വനി-സിംഹാരവം-മേഘാരവം -ബ്രഹ്മാണ്ഡ ഭേദനാരവം!" സൂചിത സന്ദർഭത്തെ വിശദമാക്കുക.

23. നന്മയുടെ വിള നിലങ്ങളായിരുന്ന നായകന്മാർക്കിടയിലേയ്ക്കാണ് ഒ.വി. വിജയന്റെ അസന്മാർഗിയായ നായകൻ, രവി ധൈര്യപൂർവ്വം കയറിവന്ന് സ്ഥാനം പിടിച്ചത് എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

24. പ്രവാസി ജീവിതത്തിന്റെ ദുരന്ത മുഖങ്ങളെ വരച്ചുകാട്ടുന്നതിൽ ബന്യാമൻ എത്രത്തോളം വിജയിച്ചിരിക്കുന്നുവെന്ന് 'ആട് ജീവിത'ത്തെ മുൻനിർത്തി വിശദമാക്കുക.

25. 'ജൈവം' എന്ന നോവൽ മുൻപോട്ടു വയ്ക്കുന്ന ഹരിതദർശനത്തെ പരിചയപ്പെടുത്തുക.

26. കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന മലയരയന്മാരുടെ ജീവിതം ചിത്രീകരിക്കുന്നതിൽ 'കൊച്ചരേത്തി' എന്ന കൃതി എത്രത്തോളം വിജയിച്ചിട്ടുണ്ട്?

27. ഭാരതേതര ഭാഷകളിൽ നിന്നും വിവർത്തനം ചെയ്യപ്പെട്ട നോവലുകളെക്കുറിച്ച് ഒരു കുറിപ്പു തയ്യാറാക്കുക.

28. സ്ത്രീത്വത്തിന്റെ അന്തർമുഖത്വഭാവത്തെ രാജലക്ഷ്മി, മാധവിക്കുട്ടി എന്നിവരുടെ കൃതികൾ പ്രകടമാക്കുന്നുണ്ടോ? വിശദമാക്കുക.

29. 'അയ്മനവും മീനച്ചിലാനും പ്രധാന കഥാപാത്രങ്ങളായി മാറുന്നത് ''കുഞ്ഞുകാര്യങ്ങളുടെ ഒടേ തമ്പുരാൻ'' എന്ന നോവലിൽ കാണാം' എന്ന പ്രസ്താവനയോട് യോജിക്കുന്നുവോ? സ്വാഭിപ്രായം വ്യക്തമാക്കുക.

**D. മൂന്നു ചോദ്യങ്ങൾക്ക് 3 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (3x8=24)**

30. മദ്ധ്യ മലബാറിലെ മുസ്ലീം സാമൂഹ്യ ജീവിതചരിത്രത്തിന്റെ വികാരപരമായ വശത്തെ എപ്രകാരമാണ് ''ഉമ്മാച്ചു'' എന്ന വിഖ്യാത നോവലിലൂടെ ഉറൂബ് വ്യാഖ്യാനിക്കുന്നത്? പരിശോധിക്കുക.

31. നമ്പൂതിരി സമുദായത്തിന്റെ ജീർണ മുഖങ്ങളെ 'അഗ്നിസാക്ഷി' എന്ന കൃതിയിൽ തുറന്നുകാട്ടുന്നത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുക.

32. ''വ്യക്തികേന്ദ്രീകൃതമായ ആധുനികതയുടെ മുഖത്തിനെ ശക്തമായി ആവിഷ്കരിക്കുന്ന കൃതികളാണ് മഞ്ഞ്, ഖസാക്കിന്റെ ഇതിഹാസം എന്നിവ''. വിശദമാക്കുക.

33. തർജമ എന്നാലെന്ത്? തർജമയുടെ സാധ്യതകൾ ''ആരോഗ്യനികേതനം'', ''കോളറകാലത്തെ പ്രണയം'' എന്നീ കൃതികളെ അടിസ്ഥാനമാക്കി പരിശോധിക്കുക.

34. 'എൻമകജെ' എന്ന നോവലിൽ ചർച്ച ചെയ്യപ്പെടുന്ന വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ചചെയ്യുക.

40

1B4M20203 (Pages :2) Reg. No:……………………..

Name: …………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fourth Semester BA Malayalam Degree Examination, March/April 2020**

**BJSL4C04 – Corporate Communication and Advertising**

(2018 Admission onwards)

Time: 1 ½ hours Max. Marks : 40

**PART – A**

**Answer *all* questions. Each question carries *one* mark**

1. Expand PRSI.
2. Internal Public.
3. AIDA
4. Logo
5. Jingle
6. Ivy ledbetter Lee
7. Publicity

**(7x1=7 Marks)**

**PART – B**

**Answer *any five* questions. Each question carries *two* marks**

8. House journal
9. ASCI
10. Corporate image
11. PSA
12. Community relations.
13. DAVP
14. Corporate identity

**(5x2=10 Marks)**

## PART - C

**Answer *any three* questions. Each question carries *five* marks**

15. Differentiate between advertising and propaganda.

16. What are the essential qualities required for a public relations officer?

17. Write short notes on corporate social responsibility, and crisis management.

18. Briefly discuss the different steps in the process of advertising campaign

19. What are the general criticisms against advertising?

**(3x5=15 Marks)**

## PART – D

**Answer *any one* question. Each question carries *eight* marks**

20. Explain the tools of public relations with examples.

21. Define corporate communication delineating its important functions.

22. "Doing business without advertising is like winking at a girl in the dark. You know what you are doing but nobody else does." Substantiate.

**(1x8=8 Marks)**